# ഭാഗവതം - ലക്ഷണം തികഞ്ഞ പുരാണഗ്രന്ഥം

# Srimad Bhagavatam - The Complete Book of Purana

**Dr. Dominic J. Kattoor**

**Associate Professor, Department Of Malayalam**

**Sree Neelakanta Government Sanskrit College, Pattambi,**

**Palakkad (Dist), Kerala, India.**

**സംഗ്രഹം (Abstract)**

അഷ്ടാദശപുരാണങ്ങളിൽ ഒന്നാംസ്ഥാനം നൽകി ഭാരതീയർ ആദരിച്ചുപോരുന്ന ഭാഗവതം പുരാണലക്ഷണം സമ്പൂർണ്ണമായും തികഞ്ഞ കാവ്യമാണ്. സർഗ്ഗ-വിസർഗ്ഗാദി ലക്ഷണങ്ങൾ ഭാഗവതത്തിൽ പ്രകാശിക്കുന്നുണ്ട്. തികച്ചും ദാർശനികമായ അടിത്തറ നിലനിർത്തി ക്കൊണ്ടും വായിക്കുന്നവർക്ക് മുക്തിപ്രദാനം ചെയ്തുകൊണ്ടും ഉപദേശങ്ങൾ നൽകികൊണ്ടും നിലകൊള്ളുന്ന ഉദാത്ത പുരാണമാതൃകയാണ് ഭാഗവതം.

**സൂചകപദങ്ങൾ (Keywords)**

അഷ്ടാദശപുരാണം - പുരാണലക്ഷണം - ഭാഗവതം - സർഗ്ഗം - സ്ഥാനം - പോഷണം - ഊതി - മന്വന്തരം - ഈശാനുകഥ - സമസ്ത - മുക്തി - ആശ്രയം - ഉദാത്ത പുരാണമാതൃക.

**ആമുഖം (Introduction)**

അഷ്ടാദശപുരാണങ്ങളിൽ പ്രമുഖസ്ഥാനം നൽകി ഭാരതീയർ ആദരിച്ചുപോരുന്നത് ശ്രീമദ്ഭാഗവതത്തെയാണ്. "ഏറെ പ്രസിദ്ധമായ ഭാഗവതം ഇതര പുരാണങ്ങളെ അപേക്ഷിച്ച് ഭാരതീയരുടെ ചിന്തയിലും വികാരങ്ങളിലും പ്രത്യക്ഷവും ശക്തവുമായ സ്വാധീനം ചെലുത്തി" (Classical Dictionary, John Dowson 8th Edition). ഈ ഗ്രന്ഥം പൗരാണിക ഹിന്ദുസമൂഹത്തിന്റെ സ്പന്ദനം വ്യക്തമാക്കിത്തരികയും വിഭിന്ന ആചാരങ്ങളേയും പുരാവൃത്തങ്ങളേയും വിശ്വാസങ്ങളെയും വിശദീകരിക്കുകയും ചെയ്യുന്നു. വിഷ്ണുഭാഗവതം പോലെ തന്നെ ദേവീഭാഗവതം എന്നൊരു പുരാണമുണ്ടെന്നും പതിനെട്ടു പുരാണങ്ങളെക്കുറിച്ചു പറയുമ്പോൾ പ്രാചീനാചാര്യന്മാർ അതിനെയാണു ഉദ്ദേശിക്കുന്നതെന്നും ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ ഭക്തിപ്രചുരമായ

വിഷ്ണുഭാഗവതത്തിനാണ് ഭാരതനാട്ടിൽ കൂടുതൽ ആരാധകരുണ്ടായത്. വൈഷ്ണ ഭക്തിസാഹിത്യത്തിന്റെ മുന്നേറ്റം ഈ ജനപ്രീതിയെ സഹായിച്ചിട്ടുണ്ടെങ്കിലും ഉദാത്തമായ കാവ്യസൗന്ദര്യം ഓളം തല്ലുന്ന കാവ്യസന്ദർഭങ്ങൾ കൊണ്ട് ഈ കൃതി കാലങ്ങളെ അതിജീവിച്ചുപോരുന്നു. രാമായണം, മഹാഭാരതം എന്നീ ഗ്രന്ഥങ്ങളെപ്പോലെ തന്നെ ഭാഗവതപുരാണത്തെയും പരിപാവനമായ ഒരു ധാർമ്മിക ഗ്രന്ഥമായാണ് ജനങ്ങൾ കരുതിപ്പോരുന്നത്.

നാരായണൻ നാരദനും നാരദൻ വ്യാസനും വ്യാസൻ ശുകനും ഭാഗവതം ഉപദേശിച്ചു. പിന്നീട് പുണ്യഭൂമിയായ നൈമിഷാരണ്യത്തിൽവച്ച് സൂതൻ ശൗനകാദി മഹർഷിമാർക്ക് ഇതിന്റെ പ്രവചനം നടത്തി. എന്നാൽ വ്യാസപുത്രനായ ശുകബ്രഹ്മർഷി അർജ്ജുനന്റെ പൗത്രനായ പരീക്ഷിത്തു മഹാരാജാവിനോടു പറഞ്ഞ വിഷയങ്ങളെ പുനരാഖ്യാനം ചെയ്യുക എന്ന കർത്തവ്യം മാത്രമാണ് സൂതൻ നിർവ്വഹിക്കുന്നത്. മുനിശാപത്താൽ, ഏഴു ദിവസത്തിനുള്ളിൽ തക്ഷക ദംശനമേറ്റ് മരണം പ്രാപിക്കും എന്നറിഞ്ഞ് ഗംഗാതീരത്ത് പ്രായോപവേശം നടത്തിവന്ന പരീക്ഷിത്തു മഹാരാജാവ് തത്സമയം അവിടെ എത്തിച്ചേർന്ന ദേവർഷിമാരിൽ ഒരാളായ ശുകബ്രഹ്മർഷിയോട് മരണത്തിന്റെ വക്കത്തെത്തിയ ഒരാൾക്ക് എന്താണ് ചെയ്യാനുള്ളതെന്നു ചോദിച്ചു. തന്റെ വികാരവിചാരങ്ങൾ എല്ലാം തന്നെ ഭഗവാൻ മഹാവിഷ്ണുവിങ്കൽ മാത്രം കേന്ദ്രീകരിച്ച് ഏകാന്തതയോടെ അദ്ദേഹത്തെ ഭജിക്കുക മാത്രമാണ് പരമമായ മുക്തിമാർഗ്ഗം എന്ന ഉപദേശത്തോടെ ശുകബ്രഹ്മർഷി ഭാഗവതപുരാണപ്രവചനം ആരംഭിച്ചു. ആയതിനെ സൂതൻ ശൗനകാദി മഹർഷിമാർക്ക് ഉപദേശിക്കുന്നുവെന്നു മാത്രം. ശുകബ്രഹ്മർഷി മടങ്ങിയശേഷം നിശ്ചലധ്യാനത്തിൽ മുഴുകിയിരുന്ന പരീക്ഷിത്തിനെ തക്ഷകൻ കടിച്ചു. എങ്കിലും അതിനു മുമ്പുതന്നെ അദ്ദേഹത്തിന്റെ ആത്മാവ് പരബ്രഹ്മത്തിൽ ലയിച്ചുകഴിഞ്ഞിരുന്നു. പരീക്ഷിത്തു മഹാരാജാവിന്റെ മരണഭയം നീക്കി അദ്ദേഹത്തെ അമൃതസ്വരൂപമായ മുക്തിഭാവത്തിൽ എത്തിച്ച മഹത്തായ ശുകോപദേശങ്ങളുടെ സംഗ്രഥനമാണ് ഇന്ന് ശ്രീമദ്ഭാഗവതം എന്ന പേരിൽ സുപ്രസിദ്ധമായിത്തീർന്നിരിക്കുന്ന മഹാപുരാണം.

പുരാണങ്ങളുടെ സഞ്ചയത്തിൽ ഭാഗവതപുരാണം സ്വയം അതിന് അഞ്ചാംസ്ഥാനമാണ് കല്പിക്കുന്നതെങ്കിലും പ്രാചീനരും ആധുനികരുമായ പണ്ഡിതന്മാർ അതിനെ ഏറ്റവും പ്രധാനപ്പെട്ട പുരാണമായി ഉദ്ഘോഷിക്കുന്നു. ആത്മീയജ്ഞാനം, മോക്ഷം, ഭക്തി എന്നിവയാൽ സംസ്കരിക്കപ്പെട്ട നൈഷ്കർമ്മണ്യത്തെക്കുറിച്ചാണ് ഭാഗവതപുരാണം വിശദീകരിക്കുന്നത്. ഭാഗവതം കേൾക്കുകയും ധ്യാനിക്കുകയും ഭക്തിവച്ചു പുലർത്തുകയും ചെയ്യുന്നവൻ മോക്ഷംപ്രാപിക്കും. ഈശ്വരനിൽ അചഞ്ചലമായ വിശ്വാസം വച്ചു പുലർത്തുന്നവനാണ് ശുഭമായ പര്യവസാനം ലഭിക്കുക എന്ന് പരീക്ഷിത്തിന്റെ കഥയിലൂടെ ഭാഗവതം നമുക്കു പറഞ്ഞുതരുന്നു.

## പുരാണലക്ഷണം - ഭാഗവതത്തിൽ

"അത്രസർഗ്ഗോ വിസർഗ്ഗശ്ച സ്ഥാനം പോഷണമൂതയഃ

മന്വന്തരേശാനുകഥ നിരോധോമുക്തിരാശ്രയഃ"

എന്ന് ഭാഗവതപുരാണം (ശ്രീമത് ഭാഗവതം ദ്വിതീയസ്കന്ധം, പത്താം അദ്ധ്യായം, ശ്ലോകം-1) പുരാണലക്ഷണം നിർവ്വചിക്കുന്നുണ്ട്. ഈ നിർവ്വചന പ്രകാരം ഭാഗവതപുരാണത്തെ വിശകലനം ചെയ്യുമ്പോൾ അതിൽ പറഞ്ഞിരിക്കുന്ന പത്തുസ്വഭാവങ്ങളും അതിൽത്തന്നെ അടങ്ങിയിരിക്കുന്നതു കാണാം.

**സർഗ്ഗം** - **ഗു**ണങ്ങളുടെ സന്തുലിതാവസ്ഥയ്ക്ക് ഭംഗം സംഭവിക്കുമ്പോൾ നടക്കുന്ന പഞ്ചഭൂതങ്ങളുടെ സൃഷ്ടിയാണ് സർഗ്ഗം. ഇന്ദ്രിയങ്ങൾ മനസ്സ്, അഹംബോധം പ്രാപഞ്ചിക തത്വങ്ങൾ തുടങ്ങിയവ ഇതിൽപ്പെടുന്നു. ത്രിഗുണങ്ങളുടെ സന്തുലിതാവസ്ഥയെ ഭഞ്ജിക്കുന്ന മഹത്തിന്റെ ആവിർഭാവം എന്നാണ് മറ്റിടങ്ങളിൽ സർഗ്ഗത്തെ വിശദീകരിക്കുന്നത്. ഈ സൃഷ്ടി പ്രക്രിയയെക്കുറിച്ച് ഭാഗവതപുരാണത്തിൽ പല ഭാഗത്തും പറയുന്നുണ്ട്. ഭാഗവതപുരാണത്തിന്റെ അവതാരികയിൽ ഇങ്ങനെ സൂചിപ്പിക്കുന്നു. സച്ചിദാനന്ദസ്വരൂപനായ ഈശ്വരൻ പ്രപഞ്ചഭാവത്തിൽ പ്രതിഭാസിക്കുന്നതിനാണ് സർഗ്ഗമെന്നു പറയുന്നത്. അതായതു ബ്രഹ്മത്തെ-ഈശ്വരനെ ആശ്രയിച്ചിരിക്കുന്ന ത്രിഗുണാത്മിക മായയായ ആകാശാദി പഞ്ചഭൂതങ്ങളെയും ശബ്ദാദി തന്മാത്രകളായും അന്തഃകരണമായും ഇന്ദ്രിയങ്ങളായും പരിണമിച്ച് സൂക്ഷ്മ പ്രപഞ്ചമായിത്തീരുന്നതാണ് സർഗ്ഗം. ഭാഗവതപുരാണത്തിന്റെ മൂന്നാം സ്കന്ദമാണ് സൃഷ്ടിയെ അവതരിപ്പിക്കുന്നത്. സൃഷ്ടിക്കു രണ്ടു തലങ്ങളുണ്ട്. അലൗകികവും ലൗകികവും. ലോകസൃഷ്ടിക്കായി യജ്ഞവരാഹരൂപം പൂണ്ട ദൈവത്താൽ സൃഷ്ടമായ മുപ്പത്തിമൂന്നു ദേവന്മാർ അടങ്ങിയതാണ് അലൗകികസൃഷ്ടി. വരാഹാവതാരത്തിന്റെ കഥ ഇതു വിശദീകരിക്കുകയും കർമ്മമാർഗ്ഗത്തെ പ്രതിനിധീകരി ക്കുകയും ചെയ്യുന്നു. ലൗകികസൃഷ്ടി വിശദീകരിക്കുന്നത് പ്രപഞ്ച പരിണാമത്തെക്കുറിച്ചും സൂക്ഷ്മഭൂതങ്ങളെക്കുറിച്ചും കാലത്തെക്കുറിച്ചുമാണ്.

**വിസർഗ്ഗം** - വിരാട് പുരുഷനാൽ നടക്കുന്ന സ്ഥൂലപ്രപഞ്ചത്തിന്റെ സൃഷ്ടിയാണ് വിസർഗ്ഗം. ദ്വാദശസ്കന്ധത്തിൽ വിസർഗ്ഗത്തെ വിരാട് പുരുഷനിൽ നിന്നുമുണ്ടായ ചരാചരങ്ങളുടെ സമ്പൂർണ്ണ സൃഷ്ടിയെന്നും വിത്തിൽനിന്നു മരവും അതിൽ നിന്നു വീണ്ടും വിത്തുമെന്നതുപോലെ പൂർവ്വകർമ്മങ്ങളുടെ ഫലമായി സംഭവിക്കുന്ന എണ്ണമറ്റ ജീവപരമ്പര എന്നും വിശദീകരിക്കുന്നു. വിസർഗ്ഗം അങ്ങനെ ബ്രഹ്മാവിൽ നിന്നുള്ള സൃഷ്ടിയായിത്തീരുന്നു. ഭാഗവതപുരാണം നാലാം സ്കന്ധമാണ് വിസർഗ്ഗം. ഇതിൽ സ്വയംഭൂ മനുവിന്റകഥ, അദ്ദേഹത്തിന്റെ പരമ്പര, ദക്ഷയാഗം, ധ്രുവചരിതം പുരഞ്ജനന്റെ അന്യാപദേശകഥ, പൃഥുവിന് മഹാവിഷ്ണുവിൽ നിന്നു ലഭിക്കുന്ന ജ്ഞാനോപദേശം തുടങ്ങിയവ ഉൾപ്പെടുന്നു. ഈ സ്കന്ധം നാലു ഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു.

**സ്ഥാനം** - നീതിയുടെയും ക്രമത്തിന്റേയും പരിപാലനത്തിൽ ദൈവത്തിന്റെ വിജയത്തെ യാണ് സ്ഥിതി അല്ലെങ്കിൽ സ്ഥാനം എന്നുപറയുന്നത്. മറ്റൊരിടത്ത് ഇതിനെ വൃത്തി എന്നുവിളിക്കുന്നു. ആത്മപരിപാലനത്തിന് മനുഷ്യൻ സ്വീകരിക്കുന്ന ഉപകരണങ്ങളും തൊഴിലുമാണ് വൃത്തി. **കർമ്മപദ്ധതികൾക്ക്**

അനുസൃതമായി കാമത്തിനും പ്രേരണയ്ക്കുമൊത്ത് മനുഷ്യൻ ജീവിച്ചുപോരുന്ന രീതി തന്നെയാണിത്. "അചിന്ത്യമായി അപാരമായി ചരാചരാത്മകമായി നിലകൊള്ളുന്ന ബ്രഹ്മാണ്ഡമണ്ഡലത്തെയെല്ലാം തന്റെ ആജ്ഞയ്ക്ക് വിധേയമായി വ്യവസ്ഥാനുരൂപം നിലനിർത്തുന്ന ഈശ്വരന്റെ പ്രഭാവമാണു സ്ഥാനം" (മുഴങ്ങോട്ടുവിള കൃഷ്ണപിള്ള ഭാഗവതപുരാണം) ദൈവസ്വാധീനത്തിൽ നിന്നാണ് ആ നിയമങ്ങൾ ഉത്ഭവിക്കുന്നത്. ദൈവസൃഷ്ടമായ ധർമ്മനീതികൾക്കു കീഴിൽ ജീവജാലങ്ങൾക്കു ലഭിക്കുന്ന സംരക്ഷണവും വൃത്തി-സ്ഥിതി-സ്ഥാനം ഉൾക്കൊള്ളുന്നു. അഞ്ചാംസ്കന്ധം സമസ്ത സൃഷ്ടിക്കും കാരണമായ ഭൂമിയെക്കുറിച്ചും ചരാചരപ്രപഞ്ചത്തെ കുറിച്ചും വിശദീകരിക്കുന്നു.

**പോഷണം** - ദൈവാനുഗ്രഹത്താൽ സകലചരാചരങ്ങൾക്കും ലഭ്യമാകുന്ന സംരക്ഷണവും ക്ഷേമവുമാണ് പോഷണം. 'ഭഗവദാശിസ്സിനെ പോഷണം എന്നും ചൊൽവൂ'. പന്ത്രണ്ടാം സ്കന്ദത്തിൽ ഇതിനെ 'രക്ഷ' എന്നുവിളിക്കുന്നു. ഓരോ യുഗത്തിലും വിഷ്ണു, പക്ഷി രൂപത്തിലോ മൃഗരൂപത്തിലോ മനുഷ്യരൂപത്തിലോ അവതരിച്ച് വേദശത്രുക്കളെ നിഗ്രഹിച്ച് പ്രപഞ്ചത്തെ സംരക്ഷിക്കുന്നു. ഭാഗവതപുരാണത്തിന്റെ ആറാം സ്കന്ധം പോഷണത്തിന്റെ സ്വഭാവ സവിശേഷതകൾ ഉൾക്കൊള്ളുന്നു. അജാമിളമോക്ഷം, ഇന്ദ്ര-വൃത്ര കഥ, വൃത്രന്റെ പൂർവ്വ ജന്മകഥ എന്നിവ ഈ സ്കന്ദത്തിൽ ഉൾപ്പെടുന്നു.

**ഊതി** - കർമ്മവാസനകളുടെ പരിണതഫലമാണ് ഊതി എന്നു ഭാഗവതപുരാണം പറയുന്നു. ഏഴാം സ്കന്ധമാണ് ഊതിയെ പ്രതിനിധീകരിക്കുന്നത്. മനുഷ്യന്റെ കർമ്മങ്ങൾ നന്മതിന്മകളോടു കൂടിയതാണ്. തിന്മയുടെ മൂർത്തീഭാവമായ ഹിരണ്യകശിപുവിന്റെ ക്രൂരഭരണവും അയാൾ സ്വപുത്രനും വിഷ്ണുഭക്തനുമായ പ്രഹ്ലാദനോടു പുലർത്തുന്ന ക്രൂരസമീപനവും അതിനു ലഭിക്കുന്ന ശിക്ഷയും നന്മയ്ക്കുവേണ്ടി നിലകൊണ്ട് പ്രഹ്ലാദനു ലഭിക്കുന്ന ഈശ്വരാനുഗ്രഹവും ഈ ഭാഗത്തു കാണാം.

**മന്വന്തരം** - പ്രജാസംരക്ഷണത്തിനു വേണ്ടി മനു നിർദ്ദേശിച്ച ധാർമ്മിക പാതകളുടെ വിവരണം അടങ്ങിയതാണ് മന്വന്തരം. സദ്ധർമ്മങ്ങളാണ് മന്വന്തരങ്ങൾ. മനു, അദ്ദേഹത്തിന്റെ പുത്രൻ, ദേവന്മാർ, ഇന്ദ്രൻ, ഋഷികൾ, വിഷ്ണുകലകൾ എന്നിവയാണ് മന്വന്തരത്തിൽ ഉൾപ്പെടുന്നത്. പതിനാലു മനുക്കളെ പുരാണത്തിൽ കാണുന്നുണ്ട്. ഇപ്പോൾ നാം ജീവിക്കുന്നത് ഏഴാം മന്വന്തരത്തിലാണെന്നു കരുതപ്പെടുന്നു. ഭാഗവതപുരാണത്തിന്റെ എട്ടാം സ്കന്ധമാണ് മന്വന്തരത്തെ പ്രതിനിധാനം ചെയ്യുന്നത്.

**ഈശാനുകഥ** - വിഷ്ണുഭക്തരുടെ എന്നപോലെ വിഷ്ണുവിന്റെയും ജീവിതവിവരണ ങ്ങളാണ് ഈശാനുകഥ. ഭാഗവതപുരാണം തന്നെ ഇതിനെ വംശചരിതം എന്നും വിളിക്കുന്നു. വംശം എന്നത് ത്രികാലങ്ങളിലും വർത്തിക്കുന്ന ഒന്നത്രേ. അതു ബ്രഹ്മാവിന്റെ കാലം മുതൽ ആരംഭിക്കുന്നു. അങ്ങനെ നിലനിൽക്കുന്ന രാജാക്കന്മാരുടെ പരമ്പരയാണ് വംശാനുചരിതം. ഭഗവാനെ ശരണം പ്രാപിക്കുന്നവരുടെ ക്ഷേമകാര്യങ്ങൾ അവിടുന്നു വഹിക്കുമെന്ന് ഈ ഭാഗത്തു

തെളിയുന്നുണ്ട്. പോഷണത്തിൽ സൂചിപ്പിച്ച കാര്യങ്ങൾ ഇവിടെയും പ്രസക്തമത്രേ. ഭാഗവതപുരാണത്തിന്റെ ഒൻപതാം സ്കന്ധമാണ് ഈശാനുകഥയെ പ്രതിനിധാനം ചെയ്യുന്നത്. സൂര്യവംശത്തിലെയും ചന്ദ്രവംശത്തിലെയും ഇക്ഷ്വാകുവംശത്തിലെയും രജാക്കന്മാരുടെചരിതം, സുകന്യചരിതം, ശ്രീരാമ ചരിതം, നിമിചരിതം, പരശുരാമ-യയാതി ചരിതം, പുരു-ഭരത-യാദവ ചരിതം എന്നിവ ഈ സ്കന്ധത്തിൽ ഉൾപ്പെടുന്നു.

**സമസ്ഥ (പ്രളയം)** - സമസ്ഥ അല്ലെങ്കിൽ പ്രളയം നാലു തരമുണ്ട്. നൈമിതികം, പ്രാകൃതികം, നിത്യം ആത്യന്തികം. ആദ്യ മൂന്നെണ്ണം നിരോധനത്തിലും നാലാമത്തേത് മോക്ഷത്തിലും ഉൾപ്പെടുന്നു. പത്താം സ്കന്ധം ഒരേ സമയം നിരോധത്തേയും മോക്ഷത്തേയും പ്രതിനിധാനം ചെയ്യുന്നു. അധാർമ്മികരായ രാജവംശങ്ങളെ നശിപ്പിക്കുന്ന കൃഷ്ണമഹത്വം ഈ സ്കന്ധത്തിൽ അവതരിപ്പിക്കുന്നുണ്ട്. ആശ്രമത്തിന്റെ മൂർത്തിമത്ഭാവമായ കൃഷ്ണന്റെ ബാല്യം, വിവിധ ലീലകൾ, ഗോകുലം, മധുര, ദ്വാരക എന്നിവിടങ്ങളിലെ ജീവിതകഥകൾ തുടങ്ങിയവയാണ് ഈ സ്കന്ധത്തിൽ വിവരിക്കുന്നത്. തൊണ്ണൂറ് അദ്ധ്യായങ്ങളുള്ള ഈ സ്കന്ധത്തിന്റെ ആദ്യത്തെ മുപ്പത്തഞ്ച് അദ്ധ്യായങ്ങളിൽ കൃഷ്ണന്റെ ഗോകുല ലീലകളും വൃന്ദാവന ലീലകളും വിവരിക്കുന്നു. അക്രൂരന്റെ വരവിനുശേഷം കൃഷ്ണനും ബലരാമനും മധുരയിലേക്കു പോകുന്നു. പതിനൊന്നു അദ്ധ്യായങ്ങളിൽ മധുരയിലെ ലീലകളാണ് പരാമർശ വിഷയം. ബാക്കി അദ്ധ്യായങ്ങളിൽ ദ്വാരകയിലെ ജീവിതവും. കൃഷ്ണകഥാ പ്രതിപാദിതമായ ഈ സ്കന്ധമാണ് ഭാഗവതത്തിലെ ഏറ്റവും പ്രധാനമായതും വലിപ്പമേറിയതും. പുരാണ ലക്ഷണത്തിലെ നിരോധത്തെ പ്രതിനിധീകരിക്കുന്ന ഈ സ്കന്ധത്തിൽ ഭഗവാന്റെ ചിന്മയാനന്ദസ്വരൂപം മനസ്സിൽ ധ്യാനിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കിത്തരുന്നുണ്ട്.

**മുക്തി** - ഭാഗവതപുരാണം പതിനൊന്നാം സ്കന്ധത്തിൽ പ്രതിപാദിക്കുന്നത് മുക്തിയെക്കുറിച്ചാണ്. അജ്ഞാനകല്പിതമായ ദേഹാത്മഭ്രമം ഉപേക്ഷിച്ച് സത്യമായ പരമാത്മഭാവത്തിൽ എത്തുന്നതാണ് മുക്തി. ബ്രഹ്മത്തിന്റെ ആത്യന്തികസ്വഭാവത്തെ സ്ഥാപിക്കുകയാണ് മുക്തി ചെയ്യുന്നത്. ജീവാത്മാവ് ബ്രഹ്മത്തിൽ ലയിച്ചുചേരുമ്പോൾ അതിന് മുക്തി (മോക്ഷം) ലഭിക്കുന്നു. ഈശ്വരൻ വിവിധ അവതാരങ്ങൾ കൈക്കൊണ്ടതിന്റെ അവസാനത്തിൽ ഏറ്റവും അനുയോജ്യമായ രൂപം സ്വീകരിക്കുകയും സമ്പൂർണ്ണ അവതാരമായിത്തീരുകയും ചെയ്യുന്നു. ഇതാണ് ദൈവികമായ മോക്ഷം എന്നറിയപ്പെടുന്നത്.

അടുത്തഭാഗമായ ജീവസായൂജ്യപ്രകരണത്തിൽ ഇരുപത്തിനാല് അദ്ധ്യായങ്ങൾ ഉൾപ്പെടുന്നു. ശ്രീകൃഷ്ണൻ ജീവസാരാംശ വിഷയം ഉദ്ധവന് ഉപദേശിക്കുന്നത് ഈ ഭാഗത്താണ്. ഭക്തിയും അതിന്റെ തത്ത്വചിന്തയും തന്ത്രങ്ങളും വ്യത്യസ്ത രൂപത്തിലുള്ള അതിന്റെ വെളിപ്പെടുത്തലുകളും ജീവിതത്തിന്റെ വിഭിന്ന പടവുകളും ആരാധനയുടെ രൂപങ്ങളും ഭക്തിയിലൂടെ

മോക്ഷത്തിലെത്തിച്ചേരാനുള്ള മാർഗ്ഗവും ഇവിടെ വ്യക്തമാകുന്നു. ഭാഗവത ധർമ്മോപദേശത്തിനുശേഷം കൃഷ്ണൻ ഉദ്ധവനെ ബദരികാശ്രമത്തിലേക്ക് അയയ്ക്കുന്നു. മൂന്നാം ഭാഗമായ ബ്രഹ്മമുക്തി പ്രകരണത്തിൽ രണ്ട് അദ്ധ്യായങ്ങളാണുള്ളത്. പൂമുഖത്തു നിന്നുള്ള കൃഷ്ണന്റെ തിരോധാനവും യാദവവംശത്തിലെ നായകന്മാരുടെ ശവസംസ്കാര ചടങ്ങിൽ അർജ്ജുനൻ സംബന്ധിക്കുന്നതും ദ്വാരക കടലെടുക്കുന്നതും ഈ ഭാഗത്ത് പരാമർശിക്കുന്നു.

**ആശ്രയം** - ആശ്രയം അവസാന ലക്ഷ്യസ്ഥാനമാണ്. ഈ സ്ഥാനമാകട്ടെ ആത്യന്തികമായ ബ്രഹ്മമാണ്. ഈ അവസ്ഥയെ അപാശ്രയം എന്നും ഭാഗവതപുരാണം വിളിക്കുന്നു. മായാമയനായ ജീവന്റെ വൃത്തികൾ ജാഗ്രത്ത്, സുഷുപ്തി, സ്വപ്നം എന്നിവയാണ്. അന്വയവും വ്യതിരേകവുമെല്ലാം ചേർന്ന അപാശ്രയം ബ്രഹ്മം തന്നെയാണ്. എങ്ങനെയാണോ നാമരൂപങ്ങൾ പദാർത്ഥങ്ങളിൽ സ്ഥാനം ചെലുത്തുന്നത് അതുപോലെ ദ്രവ്യങ്ങളിഹ ഈ ബ്രഹ്മം ശക്തി സാന്നിദ്ധ്യമാകുന്നു. അങ്ങനെ ഗർഭാരംഭം മുതൽ മരണം വരെ എല്ലാവിധത്തിലും ചേർന്നും എന്നൽ ചേരാതെയും സർവ്വവികാരങ്ങൾക്കും ആശ്രയമായിത്തീരുന്ന നിർവ്വികാര ബ്രഹ്മമാണ് അപാശ്രയം.

പന്ത്രണ്ടാം സ്കന്ധത്തിൽ പതിമൂന്നദ്ധ്യായങ്ങളാണുള്ളത്. ആദ്യത്തെ ആറദ്ധ്യായങ്ങളിൽ ശുകമഹർഷി പരീക്ഷിത്തിനോടു നടത്തുന്ന കഥാഖ്യാനമാണ്. ബാക്കി അദ്ധ്യായങ്ങളിൽ സൂതനും ശൗനകാദി മഹർഷിമാരുമായുള്ള സംവാദവും കൃഷ്ണനുശേഷമുള്ള കാര്യങ്ങളുടെ വർണ്ണനകളും ഭാവിയിലെ മ്ലേച്ഛരാജാക്കന്മാരുടെ വിവരണങ്ങളും നൽകി ശുകൻ പരീക്ഷിത്തിനെ ഭയരഹിതമായ മരണത്തിനു തയ്യാറെടുക്കാൻ പ്രേരിപ്പിക്കുന്നു. കലികാലത്തിന്റെ വിവരണങ്ങൾക്കു ശേഷം ഒരാൾ മരണാസന്നവേളയിൽ ഭഗവാനിൽ ഭക്തികേന്ദ്രീകരിച്ചാൽ അവിടുന്നവനെ സർവ്വസംശ്രയമാകുന്ന ആലയത്തിലെത്തിക്കുമെന്നു സൂചിപ്പിക്കുന്നു. അതിനുശേഷം പ്രപഞ്ചനാശിനിയായ നാലുതരം പ്രളയങ്ങളെക്കുറിച്ചു സൂചിപ്പിക്കുന്നു. ദൈവം ഒരു തോണിയായി വർത്തിച്ച് സംസാരസാഗരത്തിൽ നിന്നും അവനെ രക്ഷിക്കും എന്ന് ഉറപ്പിച്ചു പറയുന്നു. അനന്തരം ശുകൻ പിരിഞ്ഞുപോയി. പരീക്ഷിത്ത് ബുദ്ധിയാൽ മനസ്സിനെ പ്രത്യഗാത്മാവിൽ ഉറപ്പിച്ച് ഒരു തടിയെന്നതുപോലെ നിശ്ചലപ്രാണനായി നിത്യബ്രഹ്മത്തെ ധ്യാനിച്ചു. ഈ സമയം തക്ഷകൻ അദ്ദേഹത്തെ ദംശിച്ചു.

**ഉപസംഹാരം (Conclusion)**

പുരാണ നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന പത്തു സവിശേഷതകളും ഭാഗവതപുരാണത്തിന്റെ മൂന്നു മുതൽ പന്ത്രണ്ടുവരെയുള്ള സ്കന്ധങ്ങളിൽ നാം കണ്ടുമുട്ടുന്നു. ഒന്നും രണ്ടും സ്കന്ധങ്ങൾ അധികാരത്തിന്റെയും ധർമ്മത്തിന്റെയും മാഹാത്മ്യത്തെ വിവരിക്കുന്ന അദ്ധ്യായങ്ങളാണ് അതിനുവേണ്ടി രണ്ടു സ്കന്ധങ്ങൾ നീക്കിവച്ച് ബാക്കിഭാഗം മുഴുവൻ സർഗ്ഗ-വിസർഗ്ഗാദി ചർച്ചകൾക്കായി ഭാഗവതപുരാണകാരൻ വിനിയോഗിക്കുന്നു. അങ്ങനെ ഭാഗവതപുരാണം ഏറ്റവും

മുഖ്യമായ ഭാരതീയപുരാണമായും പുരാണലക്ഷണം സമ്പൂർണ്ണമായും ഉൾക്കൊള്ളുന്ന ഉദാത്ത മാതൃകയായും നിലകൊള്ളുന്നു.

**ഗ്രന്ഥസൂചി (Bibliography)**

1. കൊസാംബി ഡി.സി. - മിത്ത് ആൻഡ് റിയാലിറ്റി, (വിവർത്തനം) സൈലൻസ് ദി പ്രിൻറിംഗ് പീപ്പിൾ, പേരാമ്പ്ര, കോഴിക്കോട് , 1999.

2. കൃഷ്ണപിള്ള മുഴുങ്ങോട്ടുവിള; ഭാഗവതപുരാണം (വിവ); എൻ ബി എസ് , കോട്ടയം 1990.

3. Bhattacharya,S ; The philosophy of sreemat Bhagavata,VisvaBharati, Santinikethanam 1960.

4. Dange S. Sindhu, The Bhagavata Purana, Mytho Social Study, Ajanta publications, Delhi 1984.

5. Haridas Bhattacharya, The Cultural Heritage of India, Vol- 4, The Ramakrishna Mission Institute Of Culture, Calcutta, 2001.

6. John Dowson; Classical Dictionary of Hindu Mythology and Religion; Trubner's oriental series; Trubner & Company, New york 1870.